MR. V. S. KRISHNA PILLAI (*Tiruva'la*): മിസ്റ്റർ ഓമോദരനാശാന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. എന്റെ താലൂക്കിൽ നുമൈൽ ദൂരമുള്ള തിരുവല്ലാ–മാവേലിക്കര റോഡിൽ ആറു കടവുകൾ കടക്കാനുണ്ട്. എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചതുപോലെ അധികാരമുള്ള ഉദ്യോഗസ്ഥന്മാർക്കു മോട്ടാർകാറുകളിൽ സഞ്ചരിക്കുന്നതിനു സൌകര്യമുള്ള വേറെ റോഡുകളുള്ളതുകൊണ്ടായിരിക്കാം ഉൾനാടുകളിലുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാതിരിക്കുന്നത്. ആവശ്യത്തിനേക്കാൾ അത്യാവശ്യമുള്ള ഇനങ്ങളിലായിരിക്കണം ഡിപ്പാർട്ടുമെൻറുചെലവു ചിലവാക്കേണ്ടതു എന്നുള്ളതു വാസ്തവത്തിൽ ന്യായമാണ്. അപ്രകാരം അത്യാവശ്യമുള്ള കായ്ങ്ങൾക്കു പണം ചിലവാക്കാതേയും ഉൾനാട്ടിലുള്ള ആളുകളുടെ സഞ്ചാരസൌകര്യത്തെപ്പറ്റി ലവലേശം ഗണിക്കാതേയും വെറും ആഡംബരത്തിനു വേണ്ടിമാത്രം പണം ചിലവാക്കുന്നതു ഒരിക്കലും ന്യായമല്ല. ഇനിയും ഈ ഡിപ്പാർട്ടുമെൻറ് ഈ നയംതന്നെ തുടർന്നുകൊണ്ടുപോകണമെന്നു വിചാരിക്കുന്നു എങ്കിൽ ഇങ്ങനേയുള്ള പരാതിക്കു ഒരുകാലത്തും കുറവുവരാൻ ഇടയില്ല. റോഡുകൾവേണമെന്നും വാഹനങ്ങൾക്കു സഞ്ചരിക്കാൻ സൌകര്യമില്ലെന്നും പറയുമ്പോൾ നാട്ടുകാർ ആഡംബരമായിരിക്കാൻ ഒരിക്കലും പറയുകയില്ല. അത്യാവശ്യമായ ഗതാഗതസൌകര്യം ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കുന്നില്ല എന്നു വരുന്നതിൽപരം അനീതി വേറെ ഒന്നില്ല. ഡിപ്പാർട്ടുമെൻറ് ഈ ഇനങ്ങളിലേക്കു നീക്കിവയ്ക്കുന്ന സംഖ്യ വളരെ കുറവാണു. ഉൾനാട്ടിലെ ആവശ്യങ്ങൾ നിവൃത്തിക്കുന്നതിനു അവരുടെ നികുതിയിൽ വരിയ ഒരു ഭാഗം ഡിപ്പാർട്ടുമെൻറിൽനിന്നും നീക്കിവയ്ക്കുകയും അതിനെ ചിലവാക്കാതെ ആണ്ടവസാനത്തിൽ ലാപ്സ് എന്ന ഇനത്തിൽ കൊള്ളിക്കുകയും ചെയ്യുന്നു. ഈ ഗതാഗതസൌകര്യങ്ങളെപ്പറ്റി ഗവണ്മെൻറ് സല്പം ഒന്നു ആലോചിച്ചിരുന്നെങ്കിൽ ഈ വകപരാതികൾക്കു കുറവു വരുത്താമായിരുന്നു. ഫെബ്രുവരി–മാണ്ടിടയ്ക്കു തിരുവല്ലായിൽ വി. പി. മാധവറാവു അവർകൾ വന്നിരുന്നപ്പോൾ തിരുവല്ലാ–മാവേലിക്കര റോഡിന്റെകായ്യത്തെപ്പറ്റി പറയണമെന്നും ആ റോഡിനെ വന്നു് സന്ദർശിക്കണമെന്നും അപേക്ഷിക്കുന്നതിനു തീച്ചപ്പെടുത്തി. ആ അവസരത്തിൽ അന്നുണ്ടായിരുന്ന പോഷ്കാർ വി. പി. മാധവറാവു അവർകളോടു "ആ റോഡിൽക്കൂടി പോകാൻപാടില്ല" എന്നുപറഞ്ഞു. എന്നാൽ ഞങ്ങൾക്കു ഈറോഡിൽക്കൂടി കൊണ്ടുപോകണമെന്നു നിർബന്ധമുണ്ടായിരുന്നു. പക്ഷെ നാട്ടുകാരുടെ നിർബന്ധ

LIBRARY ARCHIVES Kerala Legislative Assembly

വും മറ്റും വലിയ ഉദ്യോഗസ്ഥന്മാരുടെ സമ്പ്രദായത്തോടു ഫലിക്കുകയില്ലല്ലൊ. അതിനാൽവള്ളത്തിൽപോകുന്നതിനുതന്നെതീച്ചുപ്പെടുത്തി. അദ്ദേഹം മാന്നാർ വന്നിറങ്ങി അവിടെവച്ചു കായ്ങ്ങളൊക്കെ പറയുകയും ചെയ്തു. ഈ റോഡിന്റെ കഷ്ടസ്ഥിതി ദിവാൻജി അവർകും മനസ്സിലാക്കികളയുമെന്നു വിചാരിച്ചാണു് അദ്ദേഹത്തെ പേഷ്കാർ തടഞ്ഞതു്. ഇങ്ങിനെ ചില വലിയ ഉദ്യോഗസ്ഥന്മാർ ജനങ്ങളുടെ ആവശ്യങ്ങളെ അധികാരികളിൽനിന്നും മറയ്ക്കുണമെന്നു് വിചാരിക്കുന്നു.

ഈ റോഡ് വളരെ അത്യാവശ്യമുള്ളതാണു്. അതിനുശേഷം സർ പി. രാജഗോപാലാചാരി അവർകളുടെ കാലത്തു് ഇതിലേക്കു് ജോലിതുടങ്ങി ഒരുവിധം പൂർത്തിയായിരിക്കുന്നു. ഇപ്പോൾ പാലങ്ങളും മുതലായവക്കു ആണ്ടുതോറും ബഡ്ജറ്റിൽ ഓരോ തുക ചേർക്കുന്നു. ചിലപ്പോൾ ചിലവു് ചെയ്യുന്നു എന്നും വരും.

ഇനിയും കുറെ പണംകൂടി ചിലവാക്കാതെ അതു പൂർത്തിയാകുകയില്ല. കുറെ പണം ചിലവാക്കീട്ടുണ്ടു്. മേലും ഈ തുശ്ചമായ തുകകൾ ഉൾനാട്ടിലെ റോഡുകൾക്കു് ചിലവാക്കുന്നപക്ഷം ഈ മാതിരി പരാതികൾ വർദ്ധിച്ചവരാതെ നിവർത്തിയുള്ളു. ഈ കായ്ങ്ങൾ ഒന്നും ഡിപ്പാർട്ടുമെന്റു് മേലധികാരികൾ ഗൗനിക്കാതെ ഇരിക്കുന്നു. ചെങ്ങന്നൂർനിന്നും പാണ്ടനാടുവഴി വെട്ടിയിരിക്കുന്ന റോഡും പൂർത്തിയാക്കിയിട്ടില്ല. അങ്ങിനെയുള്ള റോഡുകൾ ഈ അവസരങ്ങളിൽ പുണ്ടിക്കാണിച്ചു് മനസ്സിലാക്കേണ്ടതു ഞങ്ങളുടെ ചുമതലയാണു്. ഈ മാതിരിയുള്ള ആവശ്യങ്ങൾ ഇങ്ങിനെയുള്ള സഭകൾവഴി ഗവണ്മെൻറിനെ മനസ്സിലാക്കാതിരുന്നതുകൊണ്ടായിരിക്കണം ഇവകളെ പരിഹരിക്കാതിരുന്നിട്ടുള്ളതു്.

എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ എല്ലാതാലൂക്കിലേക്കും വീതിച്ചുകൊടുക്കണമെന്നില്ല. ആവശ്യത്തിന്റെ കൂടുതൽ കുറവനുസരിച്ചു് അതിന്റെ പ്രൊപ്പോർഷൻ അനുസരിച്ചു തുക അനുവദിക്കണം.

MR. A S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Does the member remember that I have not suggested that it should be equally distributed?

MR. V. S. KRISHNA PILLAI (*Tiruvalla*): I remember so. If not so, the member will please excuse me.

ഇങ്ങിനെയിരിക്കുന്നതുകൊണ്ടു തീച്ചുയായിട്ടും ഈ നയം ഒന്നു മാറണം. ആഡംബരത്തിനു് ചിലവാക്കിക്കൂടാ എന്നു എനിക്കഭിപ്രായമില്ല. ആഡംബരം അനുഭവിക്കാൻ ഭാഗ്യവാന്മാരായ പല ആളുകളും

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S. Krishna Pillai.]

ഉണ്ട്. പക്ഷേ ഞങ്ങളുടെ അത്യാവശ്യങ്ങളെ അവഗണിച്ച് ആഡംബരത്തിലേക്കു പണം അനുവദിക്കുന്നപക്ഷം അതു നീതീകരിക്കത്തക്കതല്ല.

ഗതാഗതസൌകര്യങ്ങൾക്കായിട്ടു മലം പ്രദേശങ്ങളിൽ അധികം പണം ചിലവാക്കേണ്ടിവരികയില്ല. അവിടെ റോഡുകൾ വളരെ പ്രയാസം കൂടാതെ ഉണ്ടാക്കാൻ കഴിയും. പാലങ്ങളുടേയും മറ്റും ആവശ്യം തീരെയില്ല. എന്നാൽ തിരുവിതാംകൂറിന്റെ മദ്ധ്യഭാഗത്തുകൂടി പോകുന്ന റോഡിനു അനേകം പാലങ്ങൾ ആവശ്യമുണ്ട്. അവ വളരെ തുച്ഛമായ തുക ചിലവാക്കിയാൽ നിവ്വഹിക്കാവുന്നതാണ്. പ്രാവശ്യവും ഈസംഗതികളെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടും ഇതുവരെ ഡിപ്പാർട്ട്മെൻറിൽനിന്നും നിവൃത്തിച്ചുതരാത്തതു നോക്കുമ്പോൾ വളരെ അത്ഭുതം തോന്നുന്നു. ഈ വക ജോലികളെല്ലാം നാലുലക്ഷം രൂപാ കൊണ്ടു തീർന്നുപോയാൽ പിന്നീടു ഡിപ്പാർട്ട്മെൻറിനു ഓരോ തുക അനുവദിക്കാൻ സാധിക്കുകയില്ലല്ലൊ എന്നു വിചാരിച്ച് ഈ ജോലികളെ ചെയ്യുതീർക്കാതെ ഇട്ടിരിക്കുന്നതുപോലെ തോന്നുന്നു. നിവൃത്തിയുള്ളിടത്തോളം ജനങ്ങൾക്കു ഗതാഗതവിഷയത്തിൽ എവിടെയെല്ലാം പാലവും റോഡും ആവശ്യമുണ്ടെന്നു് അറിയാൻ ചീഫ് ഇഞ്ചിനീയർ സഞ്ചരിച്ചു് അന്വേഷിച്ചു വേണ്ടതുപോലെ പ്രവൃത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): ഈ ഉപക്ഷേപത്തെ പിൻതാങ്ങിയും അതിനെ അനുമോദമാക്കിയും എന്റെ താലൂക്കിനെ സംബന്ധിച്ചു് ഏതാനും കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിയ്ക്കുന്നു. ഇപ്പോൾ രണ്ടു വർഷമായി ചേർത്തലതാലൂക്കിലെ ഗതാഗത സൌകര്യങ്ങൾക്കു വേണ്ടി കുറെ പണം ബഡ്ജറ്റിൽ ചേർക്കുകയും ചിലവുചെയ്യുകയും ചെയ്തു കാണുന്നുണ്ട്. എന്നാൽ അതു കൊണ്ടൊന്നും ചേർത്തലക്കാർക്കു സഞ്ചാര സൌകര്യം തരത്തിലുള്ളതായി തീർന്നിട്ടില്ല. ഇനിയും വളരെ റോഡുകൾ അവിടെ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. അതിലേയ്ക്കു പണം ചിലവു ചെയ്യേണ്ടതു ഏതൊരു തത്വത്തെ അനുസരിച്ചാണെന്നുള്ള സംഗതി ആലോചിച്ചാൽ അതിലേയ്ക്കു പറയാൻ ഒന്നു രണ്ടു ന്യായങ്ങളുണ്ട്. ഒന്നാമതു കഴിഞ്ഞ അൻപതു കൊല്ലങ്ങളായിട്ടു പി. ഡബ്ളിയു. ഡി. വകയായി ചേർത്തല താലൂക്കിലേയ്ക്കു ഒട്ടും തന്നെ പണം അനുവദിച്ചിട്ടില്ല. മൂ

LIBRARY ARCHIVES Kerala Legislative Assembly

ന്ന നാല്പ കൊല്ലങ്ങളായിട്ട ചേത്തല താലൂക്കിൽ ഗതാഗത സൌകര്യം വർദ്ധിപ്പിയ്ക്കുന്നതിന വേണ്ടി വളരെ അനുകമ്പയോടുകൂടി ഗവണ്മെൻറ വേണ്ട ജോലികൾ നടത്തുന്നുണ്ട്. അതിന ഞങ്ങൾ വളരെ നന്ദിയുള്ളവരായിരിയ്ക്കുന്നു. ഫാമിൻ കമ്മീഷണർ-ൽ ആണ് അന്നത്തെ ദിവാൻജിയായിരുന്ന മിസ്റ്റർ വി. പി. മാധവറാവു ആദ്യമായി ചേത്തലതാലൂക്കിനേ സന്ദർശിച്ചത്. അന്ന അദ്ദേഹം മുട്ടോളം പുതയുന്ന മണലിൽക്കൂടി സഞ്ചരിച്ചതിന്റെ ശേഷം അദ്ദേഹത്തിന്റെ ഇൻസ്പെക്ഷൻ നോട്ടിൽ പ്രസ്ഥാവിച്ചിരിയ്ക്കുന്ന വിവരം ഞാൻ അറിയുവാനിടയായിട്ടുണ്ട്. അതു ഇപ്രകാരമായിരുന്നു.

"Shertallai is a rich and important Taluq, but the want of communications is very much felt."

എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. അതിന ശേഷംചേത്തല താലൂക്കിലേയ്ക്ക റോഡോ, തോടോ, ലയിറ്റ റെയിൽവേയോ ഏതാണ് വേണ്ടതെന്നുള്ളതു തീച്ചയാക്കുവാൻ വേണ്ടി ഓരോന്നിനും പ്രത്യേകം പ്രത്യേകം അടങ്കൽ തയ്യാറാക്കുവാനായിട്ട ആവശ്യപ്പെട്ടു. അതിനശേഷം അദ്ദേഹം മാറിപ്പോകയും പിന്നീടവന്ന ഭരണമേധാവിയുടെ അഭിപ്രായപ്രകാരം ചേത്തല-ആലപ്പുഴ തോട്ടവെട്ട ആരംഭിക്കുകയും ചെയ്തു. അതിലേക്ക ധാരാളം പണം ചിലവാക്കിയെങ്കിലും ഈ തോട്ട പൂർത്തിയാക്കാത്തതുകൊണ്ടു ജനങ്ങൾക്ക അതു കൊണ്ടു ഗണ്യമായ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലാ. പിന്നീട അവിടുന്ന ദിവാൻജിയായതിനശേഷം ഉടനെ തന്നെചേത്തല താലൂക്കിൽ സഞ്ചരിച്ചവരുന്നതിനിടവരികയും, തോടിനേക്കാൾ റോഡാണ് ആവശ്യമെന്ന കണ്ടു ഉടനെ തന്നെ ചേത്തലയിൽ നിന്ന ആലപ്പുഴയ്ക്കുള്ള റോഡും, അതിനെ തുടർന്ന ചേത്തലനിന്നും അരൂരേക്കും അരൂക്കുറ്റിക്കും ഉള്ള റോഡുകളും പൂർത്തിയാക്കുവാൻ വേണ്ട ഏർപ്പാടുകളും ചെയ്കയും ചെയ്തു. ഇപ്പോൾ കൊല്ലം മുതൽ നീണ്ടകര വഴി കൊച്ചിവരെ എത്തത്തക്കവണ്ണം ഉള്ള റോഡു മിക്കവാറും പൂർത്തിയായിരിക്കുന്നു. ഇതു ചേത്തലക്കാർക്കു മാത്രമല്ല, തിരുവിതാംകൂറിൽ തെക്കും വടക്കുമുള്ള സകല ജനങ്ങൾക്കും യാത്രയ്ക്ക വളരെ സൌകര്യമായി തീർന്നിരിക്കുന്നു. ഇനി നീണ്ടകരപാലം തീരുമ്പോൾ സീകോസ്റ്റ് വഴിയുള്ള യാത്ര ആ വഴി യാത്രചെയ്യുന്നവർക്കും അതിനു സമീപം താമസിക്കുന്ന താലൂക്കുകാർക്കും കൂടുതൽ സൌകര്യപ്രദമായി തീരുന്നതാണ്. ചേത്തലതാലൂക്കിൽ കൂടി പോകുന്ന ഈ റോഡു ഇപ്പോൾ ആ താലൂക്കിലെ ഒരു മെയിൻ റോഡുമാത്രമാണ്. എന്നാൽ ഇതിനോട സംഘടിപ്പിച്ച കിഴക്കോട്ടും പടിഞ്ഞാറോട്ടും ധാരാളം ക്രോസ്സു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai.]

റോഡുകളും തോടുകളും തീരാനുണ്ട്. അതു തീർന്നാൽ ചേർത്തല താലൂക്കിലെ ഉൾനാട്ടിലുള്ളവർക്ക് പട്ടണങ്ങളിൽ വരുവാൻ ഒരു പ്രയാസവും ഉണ്ടാകുന്നതല്ലാ. ഇപ്പോൾ ചേർത്തല താലൂക്കിൽ ക്രാസ റോഡുകളുള്ളതു ഒന്നു ചേർത്തല നിന്നും തണ്ണീർമുക്കത്തേയ്ക്കും മറെറാന്നു ചേർത്തല നിന്നും അരൂത്തുങ്കവേക്കും മൂന്നു മയിൽ നീളത്തിലുള്ളവ മാത്രമാണ്. മെയിൻറോഡിൽ നിന്നും താലൂക്കിലുൾപ്പെട്ട പല പ്രധാന സ്ഥലങ്ങളിലേക്കും ക്രാസ്സ്റോഡുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. മെയിൻ റോഡിൽക്കൂടി ടൌണിൽ വന്നു പൊയ്ക്കൊണ്ടിരിക്കുന്ന മോട്ടാർ കാറുകൾ കാണുമ്പോൾ ഉൾനാടുകളിലുള്ള ആളുകൾക്കെല്ലാം അവരവരുടെ വാസസ്ഥലങ്ങളിലും റോഡു ഉണ്ടായാൽ കൊള്ളാമെന്നു അതിയായ ആഗ്രഹം ജനിച്ചിരിക്കുന്നു. ഇപ്പോൾ ചേർത്തല താലൂക്കിൽ പലപ്രധാന സ്ഥലങ്ങളിലും റോഡുകൾ വേണം എന്നുള്ള പ്രക്ഷോഭനം ആരംഭിച്ചിരിയ്ക്കുകയാണ്. ഈ റോഡുകൾ എല്ലാം ഒരേ സമയത്തു ഉണ്ടാക്കുവാൻ ഗവണ്മെൻറിനു സാധിക്കയില്ലെന്നു എനിക്കറിയാം. എന്നാൽ എനിയ്ക്കു പറയുവാനുള്ളതു ചേർത്തല താലൂക്കിൽ കഴിഞ്ഞ അൻപതു വർഷക്കാലമായിട്ടു പൊതുമരാമത്തു വകുപ്പിലേക്കു യാതൊരു സംഖ്യയും അനുവദിയ്ക്കാതിരുന്നിട്ടുള്ളതും ഇതു വരെ ഇതൊരു ഉപേക്ഷിക്കപ്പെട്ട താലൂക്കായിട്ടാണ് ഗണിച്ചു വന്നിരുന്നതെന്നുള്ളതും പരിഗണിച്ചു ഈ താലൂക്കു കാര്യങ്ങളിൽ ഗവണ്മെൻറിൽ നിന്നു പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ളതാണ്. ചേർത്തല താലൂക്കു ജനസംഖ്യയിലും മുതലെടുപ്പിലും വളരെ മുന്നിട്ടു നിൽക്കുന്ന ഒരു താലൂക്കാണ്. സാനിട്ടേഷൻ, എഡ്യൂക്കേഷൻ, കമ്മൂണിക്കേഷൻ ഇങ്ങനെയുള്ള കാര്യങ്ങൾക്കു വ്യത്യസ്തങ്ങൾ ഒഴിച്ചു പണം ചിലവാക്കേണ്ടതു് ഓരോതാലൂക്കിലേയും ജനസംഖ്യയും മുതലെടുപ്പും കൂടി നോക്കി വേണമെന്നു എനിക്കു അഭിപ്രായമുണ്ട്. ഇവയെ ആസ്പദമാക്കി നോക്കിയാലും ചേർത്തലതാലൂക്കിലേക്കു മേൽപറഞ്ഞ ആവശ്യങ്ങൾക്കു കൂടുതൽ പണം അനുവദിച്ചു കിട്ടുന്നതിനു അവകാശമുള്ളതാകുന്നു.

സർ! മേൽവിവരിച്ച ന്യായങ്ങളെ ആസ്പദമാക്കി ചേർത്തലതാലൂക്കിൽ ഇപ്പോൾ തീർന്നിട്ടുള്ള മെയിൻറോഡിൽ നിന്നും എവിടെയെല്ലാമാണ് ക്രാസ് റോഡുകളും തോടുകളും വേണ്ടതെന്നു ശരിയായി അന്വേഷിച്ചു ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനു് മുതലപ്പെട്ട ഒരുദ്യോ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നിയമിക്കുന്നതു നന്നായിരിക്കും. ഈ ക്രട്ടത്തിൽ തുറവൂർ തിരുമല ദേവസ്വം ഹൈസ്ക്കൂളിലേക്കും, മെയിൻ റോഡിൽ നിന്നും തങ്കിപ്പള്ളിക്കും കണിച്ചുകുളങ്ങരക്കും, കഞ്ഞിക്കുഴിയിൽനിന്നും മുഹമ്മക്കും മറ്റുമുള്ള റോഡുകൾ ഉടനെ തീർക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ഇതുപോലെ വേറേയും അനേകം റോഡുകളും തോടുകളും ഈ താലൂക്കിൽ അത്യാവശ്യമായിട്ടുണ്ടു്. അവ ഏതെല്ലാമാണെന്നന്വേഷിച്ചു് ഒരു റിപ്പോർട്ട വരുത്തി വേല ആരംഭിക്കുന്നതു് നന്നായിരിയ്ക്കുമെന്നുള്ള അപേക്ഷയെ ഈ സഭയുടേയും ഗവണ്മെൻറിന്റേയും ആലോചനയ്ക്കും തീരുമാനത്തിനുംവേണ്ടി സമർപ്പിച്ചു കൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

MR. R. RAMAN PILLAI (*Kottayam*):മിസ്റ്റർ ആശാന്റെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ടു് എനിക്കും രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ടു്. ആരുവാമൊഴി മുതൽ കൊല്ലംവരെയുള്ള അളകാർക്കു് നീണ്ടകരപാലം തീർന്നാൽ ഇറണാകുളംവരെ ഉപ്പുവെള്ളത്തിനു ധാരാളംസൗകര്യമുണ്ടു്. അവർക്കു അഷ്ടമുടികായലിനേയോ വേമ്പനാട്ടുകായലിനേയോ ഭയപ്പെടേണ്ട ആവശ്യമില്ല. കൊല്ലംമുതൽ വടക്കോട്ടു തിരുവല്ലാവരെയുള്ള വഞ്ചികൾക്കും എറണാകുളംവരെസഞ്ചരിക്കുന്നതിനു യാതൊരു പ്രയാസവുമില്ല. കായങ്കുളത്തുനിന്നും തുടങ്ങുന്നപുഴക്കുടി ഒരു റോഡുതീർന്നുപോയി. കൊല്ലത്തിനു വടക്കുള്ള ചങ്ങനാശേരി, കോട്ടയം, മീനച്ചൽ, പീരുമേടു ഈപ്രദേശങ്ങളിലെ അളകാർക്കു് ആലപ്പുഴയ്ക്കോ എറണാകുളത്തേയ്ക്കോ പോകുന്നതിനു വളരെ അസൌകര്യങ്ങളുണ്ടു്. കോട്ടയത്തുനിന്നും ആലപ്പുഴയ്ക്കു പോകുന്നവർ വേമ്പനാട്ടുകായലിലെ ഉപ്പു വെള്ളം അല്പം ആസ്വദിയ്ക്കാതെ പോകാൻ സാധിയ്ക്കയില്ല. കോട്ടയത്തുനിന്നും ആലപ്പുഴക്കു ഒരു റോഡു തീർന്നാൽ ഈ അസൌകര്യങ്ങൾ പാടെ തീർന്നുപോകുന്നതാണു. എന്നാൽ ആയതു കേൾക്കുമ്പോൾ വളരെ ഭയങ്കരമായിട്ടുതോന്നിപ്പോകും. ഞാൻ അതിനെപ്പറ്റിപലേ അന്വേഷണങ്ങളും നടത്തിനോക്കിയതിൽ ഒരു വലിയസംഖ്യ ചിലവിടേണ്ടതായിട്ടു എനിക്കു തോന്നുന്നില്ല. റിപ്രൊഡക്ടീവു വർക്കായിട്ടോ മറേറാ ചെയ്തു ഇടയ്ക്കു ഒരു കടത്തുമാത്രം വച്ചാൽമതി. പള്ളത്തുനിന്നും ഏറക്കുറെ ആലപ്പുഴവരെ കായൽ നിലം തിരിച്ചു ചിറതീർന്നിട്ടുണ്ടു. അതിനെ അല്പംകൂടി വീതിക്കൂട്ടി ബലപ്പെടുത്തിയാൽമതിയാകുന്നതാണു. അതിന്മണ്ണും തന്നെ തിരുവാർപ്പിൽനിന്നും ആലപ്പുഴയ്ക്കു ഒരു ചിറയുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

MR. L. R. RAJA RAJA VARMA COIL TAMPURAN (*Changanachery cum Peermade*): ഇങ്ങനെ ചിറകെട്ടുന്നതിനുള്ള സ്ഥലം പതിച്ചു കൊടുത്താൽ ഗവണ്മെൻറിനു നല്ല വില കിട്ടുകയില്ലയോ?

MR. R. RAMAN PILLAI (*Kottayam*): മിക്കവാറും സ്ഥലം പതിച്ചുകൊടുത്തുകഴിഞ്ഞു. ഇങ്ങനെ പതിച്ചുകൊടുത്തു കഴിഞ്ഞാൽ ഈ വഴി തുറക്കുന്നതിന് കുറെക്കൂടി സഹായമായിരിക്കും. ഇതിൽ ഏതാണ് സൗകര്യമായ വഴി എന്ന് സ്ഥലം ചെന്നുപരിശോധിച്ചു ഗവണ്മെൻറുകഴിയുന്നതും വേഗത്തിൽ വേണ്ട ഏർപ്പാടുചെയ്യേണ്ടതാണ്. അതു ഗവണ്മെൻറിലേയ്ക്ക് ഒട്ടും നഷ്ടമാകയില്ല. നീണ്ടകര പാലത്തിനു ചിലവാക്കുന്നതിൻെറ ഈ അംശംകൊണ്ട് ഈ പണിതീർക്കുവാൻ സാധിക്കും. മിസ്റ്റർ പത്മനാഭയ്യർ പേഷ്കാരായിരുന്നകാലത്ത് ഇങ്ങനെ ഒരു റോഡ് വെട്ടണമെന്ന് കരുതി അന്വേഷണം നടത്തി. എക്സിക്യൂട്ടിവ് ഇഞ്ചിനീയർ ഒരുലക്ഷം രൂപാ കൊണ്ട് തീർക്കാമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഏറ്റവും വിദഗ്ദ്ധനായ ഒരു ചീഫ് ഇഞ്ചിനീയർ നമ്മുടെ നാട്ടിൽ ഉള്ള സ്ഥിതിയ്ക്ക് ഇതിനു പ്രത്യേകം വൈദഗ്ധ്യമുള്ള ഒരാളിനെ വരുത്തേണ്ട ആവശ്യമില്ല.

MR. MURUVELIL PACHU PILLAI (*Shertallai*): ആലപ്പുഴനിന്നും കോട്ടയത്തേക്കു എത്രമൈൽ ഉണ്ട്.

MR. R. RAMAN PILLAI (*Kottayam*): ൪൨ മൈൽ ഉണ്ട്. പള്ളത്തുനിന്നും പോയാൽ ൨൫ മൈൽ മാത്രമേയുള്ളു. അതുമുഴുവൻ ചിറയാണ്.

MR. MURUVELIL PACHU PILLAI (*Shertallai*): പള്ളിപ്പുറത്തുനിന്നും വേമ്പനാട്ടുകായൽവരെ എത്രമയിൽ ഉണ്ടെന്നറിയാമോ?

MR. R. RAMAN PILLAI (*Kottayam*): ഞാൻ ഇതേവരെ ആ വഴി പോയിനോക്കിട്ടില്ല.

MR. MURUVELIL PACHU PILLAI (*Shertallai*): രണ്ടുമയിലിൽ കൂടുതൽ ആ വഴിപോകേണ്ടതില്ല എന്ന് മെംബർക്ക് അറിയാമോ?

MR. R. RAMAN PILLAI (*Kottayam*): നിർഭാഗ്യവശാൽ രാത്രിയല്ലാതെ ആ വഴി പോകാനിടയായിട്ടില്ല.

MR. MURUVELIL PACHU PILLAI (*Shertallai*): വൈച്ചൂർവഴി ഒരു റോഡ് കോട്ടയത്തേയ്ക്കു വരുന്നുണ്ടെന്നറിയാമോ ?

MR. R. RAMAN PILLAI (*Kottayam*): വൈക്കത്തുനിന്നും വൈച്ചൂർവരെ ഒരു റോഡു ഉണ്ടെന്നറിയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. MURUVELIL PACHU PILLAI (*Sherttalai*) മുറിഞ്ഞുപുഴതോട്ടുവഴിവഴി വൈച്ചൂരിലേയ്ക്കു വരാമെന്നറിയാമോ?

MR. R. RAMAN PILLAI (*Kottayam*): അറിയാം.

എട്ടുമയിൽ നീളത്തിൽ ഒരു റോഡുവെട്ടുന്നതിനേക്കാൾ പള്ളിപ്പുറം കരയ്ക്കും, വയ്ക്കം കരയ്ക്കുംമദ്ധ്യേ രണ്ടുമയിൽ നീളത്തിൽ ഒരു റോഡു തുറക്കുന്നതു ചേർത്തലക്കാർക്ക് അതൊരു ലാഭമായിരിയ്ക്കും. ചങ്ങനാശേരിയിൽ ഉള്ളവർ വയ്ക്കംവഴി പോയി, പിന്നെ ചേർത്തലവന്ന് പോകുന്നതു എളുപ്പംതന്നെ! കായൽ മദ്ധ്യത്തിൽക്കൂടി ശ്രമസാദ്ധ്യമായ ചിറയിട്ടു റോഡുണ്ടാക്കിയാൽ ചേർത്തലക്കാർക്കു സൌകര്യമായേക്കാം. കോട്ടയം, പീരുമേട്ടു മുതലായ നാട്ടുകാർക്കു സൌകര്യമില്ല. അവർക്കു പ്രയോജനവുമില്ല. അതിനാൽ കോട്ടയം–അലപ്പുഴ റോഡിന്റെ സാദ്ധ്യാസാദ്ധ്യതയെപ്പറ്റി ഉടനെ അന്വേഷണം നടത്തേണ്ടതാണു.

കോട്ടയത്തു മുങ്കുഴിക്കടവിൽ ഒരു പാലം ഒഴിച്ചുകൂടാത്തതാണ്. അവിടെനിന്നും കുടമാളൂർ, തുരുത്തിക്കര, നീണ്ടൂർ, തുയാങ്കുടി ഈ സ്ഥലങ്ങളിൽക്കൂടിയുള്ള റോഡിനെ നന്നാക്കേണ്ടതത്യാവശ്യമാണ്. ആ നാട്ടുകാർ വഴിയില്ലാതെ വളരെ കഷ്ടപ്പെടുന്നുണ്ട്. ഈ റോഡു എം. സി. റോഡുവരെ നന്നാക്കിയാൽ കോട്ടയത്തുനിന്നും കടുത്തുരുത്തിക്കു നാലുമൈൽ എളുപ്പമുണ്ടു. അതുപോലെതന്നെ വൈക്കം കടന്നു കൊച്ചിരാജ്യത്തുകൂടി കയറി എറണാകുളത്തിനു റോഡുണ്ടാക്കിയാൽ danger and safe എന്നു എഴുതിവച്ചിരിക്കുന്ന വടയാർ, ഇത്തിപ്പുഴ ഈപാലങ്ങളും ഒഴിക്കാം. വു മൈൽ വഴിയും ലാഭിക്കാം. ഈ റോഡുകളുടെ സംഗതിയിൽ പ്രത്യേകം ശ്രദ്ധവയ്ക്കണം.

മീനച്ചൽ താലൂക്കിലുള്ള ഇല്ലിക്കൽ പാലം പണിതീരാറായിരിക്കുന്നു. ഈ സ്ഥിതിക്കു അവിടെ നിന്നും നാല് മൈൽമാത്രം ദൂരം വരുന്ന കുമരകത്തേക്കുള്ള റോഡു പൂർത്തിയാക്കേണ്ടതത്യാവശ്യമാകുന്നു. സ്ഥലം പൊന്നുംവിലകൊടുത്തെടുത്തിട്ടു നാലു കൊല്ലത്തിനു മേലായിരിക്കുന്നു റോഡുവെട്ടിയിട്ടതന്നെ നാലു കൊല്ലമായിട്ടുണ്ടു. ചീഫ് ഇഞ്ചിനീയരും ദിവാനും കഴിഞ്ഞകൊല്ലം കുമരകം സന്ദർശിക്കയും റോഡു പൂർത്തിയാക്കി കൊടുക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തിട്ടുണ്ടെന്നാണറിയുന്നതു. ഈമൂന്നരമൈൽ റോഡിൽ ഒരു മൈലിലധികംദൂരം താഴ്ന്നപ്രദേശമായിരിക്കുന്നില്ല. ആ സ്ഥലം നന്നാക്കുന്നതിനു ₹ ൪ ൦ ൦ രൂപാ വേണ്ടിവരുന്നക്കാം. ബാക്കി രണ്ടരമൈലിനു ₹ ൦ ൦ ൦ രൂപായും വേണ്ടിവന്നേക്കാം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ഈ ചെറിയ സംഖ്യ ചിലവാക്കിയാൽ സാധുക്കൾ കൈത്തൊഴിൽ ചെയ്യുണ്ടാക്കുന്ന പായ്, വട്ടി മുതലായ സാധനങ്ങൾ കോട്ടയം ചന്തയിൽ കൊണ്ട്വിറ്റു ജീവിക്ഷോപം കഴിക്കുന്നതിനു സൌകര്യപ്പെടുന്നതാണ്. അസംഖ്യം സാധുക്കളുടെ സങ്കടം തീർക്കുന്നതിനും അവരുടെ കാലയാപനത്തിനു സൌകര്യമുണ്ടാക്കുന്നതിനും വേണ്ടി കോട്ടയം കുമരകം റോഡ് അടുത്തകൊല്ലംതന്നെ തീർക്കുന്നതിനു വേണ്ടവ്യവസ്ഥകൾ ചെയ്യേണ്ടതാകുന്നു.

വേളൂർ-പുളിനാക്കൽ റോഡും അറവുപുഴ-പാറോച്ചാൽ റോഡും അവസാനിക്കുന്ന ഭാഗങ്ങളിൽ കൂടി ഒരു ക്രോസ്സ് റോഡ് ഉടനേ തീർത്തുകിട്ടേണ്ടതാകുന്നു. അതിനു ൪൦൦൦ രൂപാ എസ്റ്റിമേറു ചെയ്തിട്ടുണ്ട്. റോഡ് കോട്ടയം മുൻസിപ്പാലിറ്റിക്കുള്ളിൽ കൂടി കടക്കേണ്ടതാകുന്നു. നിലവിലുള്ള മുൻസിപ്പാലിറ്റി ൨൦൦൦ രൂപാ ഇതിലേക്കു അനുവദിച്ചിട്ടുണ്ട്. ബാക്കി ആവശ്യമുള്ള ൨൦൦൦ രൂപാ ഗവണ്മെൻറിൽനിന്നും അനുവദിച്ചു ഇതു ഉടനേ തീർക്കേണ്ടതാകുന്നു.

കിടങ്ങൂർറോഡ്, അരിപ്പുറം അകലക്കുന്നം റോഡു പൂട്ടുചിറ-ആനിക്കാട്ടുറോഡു ഇവ മൂന്നും ഓരോ ചെറിയ പാലം കൊണ്ടു ഉടൻതന്നെ സഞ്ചാരയോഗ്യമാക്കിതീർക്കുന്നതിനു പ്രത്യേകശ്രദ്ധയേ ക്ഷണിച്ചുകൊണ്ടു മിസ്റ്റർ ആശാൻറെ ഉപക്ഷോപത്തെ ബലമായി ഞാൻ പിൻതാങ്ങികൊള്ളുന്നു.

MR. N. K. KRISHNA PILLAI (*Neyya'tinkara*): Sir, I rise to support the motion. At the outset I may say, I am at one with the mover in giving a suggestion for a fair distribution of the funds allotted to the Public Works Department. I shall not at this stage stop to recount my local needs and thereby take away the time of the House. At the same time, I have to refer to one instance just to show that the department is not sufficiently sympathetic towards the people of Neyyattinkara. There is the Kottukal channel in the Neyyattinkara taluk. Kottukal is one of the important pakuthies in our taluk. During the floods of 1080 all the fields of Kottukal were rendered unfit for cultivation resulting in substantial damage of a permanent nature to the ryots. During the time of Mr. Natesa Aiyar, a plan was prepared towards its improvement by constructing two channels, one on the eastern side and the other on the western side. The construction on the eastern side has now been completed. Unless and until a channel on the western side also is constructed, the purpose for which the present channel is intended cannot be fulfilled. The ratepayers of Kottukal are raising very loud complaints that they are not having their requirements duly fulfilled. Without the construction of the channel on the western side nothing is possible and I may tell the House that a number of leading

LIBRARY ARCHIVES Kerala Legislative Assembly

ryots from my constituency are waiting outside to see whether I am representing this matter before you. Several petitions were sent to Government and also to the Chief Engineer on this matter. Representations about this were also made in the popular Assembly. Till now no proper reply has been given by Government and nothing has been done in the matter. In the circumstances, I wish to draw the pointed attention of the Government, and the Chief Engineer in particular, to this popular demand. I think I could convince the Chief Engineer if he would only accompany me to this particular locality during his tour in Neyyattinkara that the construction of this channel on the western side is an urgent necessity and has to be immediately looked into by the department.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : While every member has thougt it fit to speak something about the requirements of his taluk, I think I will be failing in my duty if I do not give here the items of requirements of the constituency which I represent. Within the short space of five minuts I believe I may not be able to bring before the House all the requirements of my constituency that begins from Cape Comorin to Shencotta which I have the proud privilege of representing. I shall deal with a few of the urgent requirements that are absolutely necessary for my constituency. I hope the learned Chief Engineer will please take a note of these and while he goes on tour next time he will kindly visit those places and see if they are absolutely necessary, do what he could in the matter. First of all, I have to bring to his notice the necessity of extending the road in Chirayinkil from the first bridge to Kayikara. The construction of a bridge from Kayikara to Vakkam means affording facilities for increasing the trade in those localities. Another road that requires immediate attention is that from Murukkanpuzha level crossing to the boat jetty. I think the Chief Engineer visited this road sometime ago and found that it was in a bad condition. I am glad to see that rubbles are stocked on both sides of the road. But I am sorry to say that the work has not yet commenced. Another important item is to improve the most hopeless condition of the roads of the Quilon town. I have by means of interpellations brought this to the notice of the authorities during the last three years and my friend Mr. K. G. Paramesvaran Pillai assures me that nothing has been done as yet. I understand that the Chief Engineer has taken up the question of improving these roads and I would urge on the Chief Engineer to expedite this work. Another road which I have to bring to the notice of the Chief Engineer is, the road from Maniankulam bridge to Kottur bridge. The hopeless condition of this road has been more than once brought to the notice of this House by me. If this road is improved, it will afford great facilities for the traders and merchants at Paravoor who send daily three to four *kettu vallams* of coir to Alleppey. Another equally important item I have to urge on the attention of the Chief Engineer is about the transport between Tevalli kadavu and Perinad. I know it has been engaging the attention of the Government for a very long time and trust that the present Government which has bestowed very great attention in the matter of opening roads and constructing

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Piraviperumal Pillai.]

bridges and affording facilities for transport will find their way to redress this grievance of the people at a very early date.

MR. ITTOOP ITTICHAN (*Kunnatnad*) : ഞാനും മിസ്റ്റർ ദാമോദരനാശാന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഓരോ താലൂക്കിലും വേണ്ടതായ അത്യാവശ്യങ്ങളെപ്പറ്റി ഓരോരുത്തരും പറയുന്ന ഈ അവസരത്തിൽ എന്റെ താലൂക്കിനുവേണ്ടതായ ചില അത്യാവശ്യങ്ങളെപ്പറ്റിയും ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവരണമെന്ന് ഞാൻവിചാരിക്കുന്നു. തിരുവിതാംകൂറിന്റെ വടക്കേ അറ്റത്താണ് കുന്നത്തുനാട് താലൂക്കായ എന്റെ താലൂക്കു കിടക്കുന്നതു. അതിനു ചില റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നതിന് ബഡ്ജറ്റിൽ ഒരു തുക പ്രത്യേകം കൊള്ളിച്ചിരിക്കുന്നതിനാൽ ഗവർമ്മെൻറിനും ചീഫ് ഇഞ്ചിനീയർക്കും ഞാൻ കൃതജ്ഞത പറഞ്ഞുകൊള്ളുന്നു. "ഇങ്ങിനെ ഒരു തുക കൊള്ളിച്ചിരിക്കുന്നതു നല്ല ഒരു തുക ആയതുകൊണ്ടായിരിക്കാം ഓരോ മെമ്പർ ഇപ്രകാരം പറയുന്നതു്" എന്നു് പ്ലാൻറ സ്നേഹിതന്മാർ വിചാരിക്കുമായിരിക്കും. എന്നാൽ വാസ്തവം അങ്ങിനെയല്ല. ൪൦ ലക്ഷം രൂപായോളം മറ്റു താലൂക്കുകളിൽ ചിലവാക്കാൻ നിശ്ചയിച്ചിരിക്കുമ്പോൾ ഓരോ താലൂക്കിലേക്കു ശരാശരി ൧൦-ൽ ചിലപ്പോൾ രൂപയാണ് നിശ്ചയിച്ചിരിക്കുന്നതു്. ൪൦൦-ചതുരശ്രമൈലോളം വിസ്താരമുള്ള ഈ താലൂക്കിനു് ഈ സംഖ്യയെ വീതിച്ചാൽ ചതുരശ്രമൈലിനു് ൪ രൂപ്പ രൂപായാണ് കിട്ടുന്നതു്. ഓരോ തുക എങ്കിലും എന്റെ താലൂക്കിൽ ചിലവാക്കിയാൽ മതിയെന്നാണ് എന്റെ അഭിപ്രായം. അതിനെ ലാപ്സാക്കാതെ ഇരുന്നാൽ ഞാൻ പ്രത്യേകം സന്തോഷമുള്ളവനായിരിക്കും. എന്നാൽ ഇനിയും ചില റോഡുകളും പാലങ്ങളും തീർക്കുന്നതിനു് ഇനിയത്തെ ബഡ്ജറ്റിൽ കൊള്ളിച്ചു് ഒരു നല്ല തുക തന്നാൽ വളരെ ഉപകാരമായിരിക്കും.

കീഴില്ലം-കുറിച്ചിലക്കോട്ട വില്ലേജ് റോഡ്, എം. സി. റോഡിൽ ൧൪-ാമത്തെ മൈലിൽനിന്നും ചേരാനല്ലൂർ കൂടി കോടനാട്ടേക്കുള്ള റോഡു, ആലുവാ-പെരുമ്പാവൂർ റോഡിൽനിന്നും ആലുവാ-വെങ്ങോല റോഡിലേക്കുള്ള ചിത്രപ്പുഴ വില്ലേജ് റോഡു, കുവപ്പടിയിൽ നിന്നും പെരുമ്പാവൂക്കുള്ള വില്ലേജ് റോഡ്, മൂവാറ്റുപുഴ-തൃപ്പുണിത്തുറ റോഡിൽ ൧൪-ാം മൈലിൽഉള്ള മാമലനിന്നും പിറവത്തേക്കുള്ള വഴി, ഓരോ റോഡുകളെല്ലാം വണ്ടിപോകത്തക്കവിധത്തിൽ ഉടനെ നന്നാക്കിത്തരണം.

LIBRARY ARCHIVES Kerala Legislative Assembly

കുറുപ്പംപടിയിൽനിന്ന കുട്ടിയ്ക്കലേക്കുള്ള റോഡിൽ ഒന്നാം മൈലിൽനിന്നും വേങ്ങൂർ—പള്ളിത്താഴംക്രോടി പെരുന്തോട്ടിലേക്കു ഒരു പുതിയറോഡും പൈരാപുരത്തുനിന്നും മണ്ണൂർ പറമ്പിൽക്രോടി എം. സി. റോഡിലേക്ക് ഒരു ബ്രാഞ്ചു റോഡും പുത്തനായി വെട്ടിത്തരണം. ഒരം റോഡുകൾം രണ്ടും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലേക്ക് തേക്കു തോട്ടങ്ങളിൽ നിന്നും തടികൾം കൊണ്ടുവരുന്നതിനും ഗതാഗതത്തിനും ഏറ്റവും അത്യാവശ്യമാണ്. തേക്കുതടികൾ ധാരാളം നില്പുള്ള സ്ഥലമാണ് പെരുന്തോട്ട്. പൈരാപുരത്തു നിന്നും മണ്ണൂർ പറമ്പിൽ ക്രോടി എം. സി. റോഡിലേക്കുള്ള ബ്രാഞ്ചു റോഡു വീട്ടൂർറിസർവു ഫാറസ്റ്റിന് വളരെ അത്യാവശ്യമാണ്. മുവാറുപുഴ—തൃപ്പൂണിത്തുറ റോഡു മെറ്റൽ ചെയ്യുതരണം. ഈ സ്ഥലം പ്രധാനമായി ഏറുമതി ഇറക്കുമതി ചെയ്യുന്നസ്ഥലവും മാമല ചവുക്കയിൽനിന്നും ഒരു ലക്ഷം രൂപായാളം ആണ്ടൊന്നുക്കു തീരുവ ഇനത്തിൽ ഗവർണ്മെൻറിലേക്ക് മുടക്കുള്ള സ്ഥലവുമാണ്.

പുത്തൻ കുരിശിൽനിന്നും ബ്രഹ്മപുരത്തേക്കുള്ള വില്ലേജ് റോഡ് പുത്തൻകുരിശുവരെ വണ്ടിപോകുത്തക്കവിധം നന്നാക്കിപ്പു തരണം. എം. സി. റോഡിൽ ൧൫-ാം മൈലിൽ നിന്നും അന്നമനടയ്ക്കുള്ള വില്ലേജ് റോഡു പബ്ലിക്ക് റോഡാക്കി തരണം. കടിക്കു വെട്ടിപ്പിടിച്ചുള്ള കുറുഞ്ഞി തിരുമാന്തുർ റോഡിനെ ഗവർണ്മെൻറു ഇതേവരെ ഏറ്റെടുത്തിട്ടില്ല. അതിനെ ഉടനെ ഗവർണ്മെൻറിലേക്കെടുത്തു് സംരക്ഷണചെയ്തുതരണം.

മഞ്ഞപ്ര-അങ്കമാലിറോഡിലുള്ള വേങ്ങൂർ തോട്ടിൽ ഒരു പാലം അനുവദിച്ചുതരണം.

ഇനി ഇറിഗേഷനെ സംബന്ധിച്ചാണ് പറയാനുള്ളതു്. ആലുവാഡിവിഷനിലേക്കു ൪ ൦ ൦ ൦—രൂപയാണ്. ഇതിൽ കുന്നത്തുനാടു് താലൂക്കിനു് വീതപ്രകാരം എന്തു് വരുമെന്നു് എനിക്കറിഞ്ഞുകൂടാ.

കോതമംഗലം-പെരുമ്പാവൂർ റോഡിനടുത്തുള്ള രായമംഗലം പകുതിയിലുള്ള മുളപ്പും ചിറയും ഈ റോഡിൻെറ മൂന്നാം മൈലിൽ ഉള്ള കുറുപ്പുംപടി ചന്തക്കടുത്തുള്ള ചക്കില്ലം ചിറയും പുത്തൻ കുരിശു് ചന്തക്കടുത്തുള്ള കോതച്ചിറയും നന്നാക്കി ശരിപ്പെടുത്തുന്നപക്ഷം അവിടെയുള്ള അഞ്ഞൂറേക്കർ സ്ഥലത്തുള്ള കൃഷിവളരെ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. ഇതുകൂടാതെ വേനൽക്കാലത്തു് ഒരം സ്ഥലങ്ങളിലുള്ള ജനങ്ങൾക്കും കന്നുകാലികൾക്കും തീരെവെള്ളം ഇല്ലാത്തതിനാൽ ഒരം ചിറകൾകൊണ്ടു് അനേകായിരം ജനങ്ങൾക്കും കന്നുകാലികൾക്കും കുടിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Ittoop Ittichan.]

നല്ലവെള്ളം കിട്ടുന്നതുമാകുന്നു. കറുകുറ്റിയിലുള്ള പൂഞ്ചിറക്കുളം ഉടനെന്നാക്കി തരേണ്ടതാണു്.

കുന്നത്തുനാടു് താലൂക്കിൽ മാണിക്കമംഗലം പകുതിയിൽ മാണിക്കമംഗലം കരയിലുള്ള തോടു് അല്ലെങ്കിൽ തടാകത്തിന്റെ ഇരുവശവും കല്ലുകെട്ടി വെള്ളം നിൽക്കുന്നതിനു് ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റിൽ നിന്നും എസ്റ്റിമേറു തയ്യാറാക്കീട്ടുള്ളതുകൊണ്ടു് അതിന്റെ പണിഉടനെ നടത്തിച്ചുതരണം. ഇപ്രകാരം ചെയ്യുന്നതായാൽ വളരെഅധികംസ്ഥലം കൃഷിക്കുപയോഗപ്പെടുത്താവുന്നതാണു്.

പുത്തൻകുരിശു് ചന്തയിൽ രണ്ടു കിണറു കുഴിപ്പിച്ചു തരേണ്ടതു് വളരെ അത്യാവശ്യമാണു്.

ഇനി പറയാനുള്ളതു് പെരിയാറിനെ പറ്റിയാണു്. ഇതു് ഇവിടെ നിന്നും ഫർ ർ -ാമത്ത മൈലിൽ കിടക്കുന്നു. അവിടെ ഗവ മെന്റിൽ നിന്നും ആരെങ്കിലും പോയി കണ്ടിട്ടുണ്ടോ എന്നു സംശയമാണു്. ഇപ്പോൾ ഗവമെന്റിൽ നിന്നും കുമിളി, പള്ളിവാശൽ ഈ റോഡുകാം ദ്രുതഗതിയിൽ പണിയിക്കുകയാണു്. അതിനെക്കാളും സ വപ്രധാനമാണു്. ഈ പെരിയാറിലെ പാലം. ഈ പാലം തീർന്നാൽ കന്യാകുമാരി മുതൽ ഹിമാലയംവരെ പോകുന്നതിനു് ഈ പുഴയുടെ തടസ്ഥമല്ലാതെ വേറെ ഏതെങ്കിലും പാലത്തിന്റെ തടസ്ഥമുള്ളതായിഎനിക്കറിവില്ല. ഈ പാ ം കെട്ടിയാൽ എത്രയോ ആയിരം ജനങ്ങൾക്കും ഉദ്യോഗസ്ഥന്മാക്കും ഗതാഗതം ചെയ്യാവുന്നതാണു്. വർഷകാലത്തു വള്ളത്തിൽക്കൂടി ഇപ്പുറം കടക്കുന്നതു അപകടവും വളരെ സങ്കടകരവുമാണു്. അതിനാൽ പെരിയാറിൽ പാലംകെട്ടുന്നതായ്യും ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ പതിപ്പിച്ചുകൊള്ളുന്നു. ഇതിനു് തല്ക്കാലം അസൗകര്യമാണെന്നു വരുകിൽആലുവാ റെയിൽവേ പാ ംവഴി വണ്ടികൾ അങ്കമാലിക്കു പോകുന്നതിനു സൌത്തു് ഇൻഡ്യൻറെയിൽവേ കമ്പനിയോടു് അലോചിച്ചു വേണ്ടതു പ്രവർത്തിച്ചാൽ വലിയ ഉപകാരമായിരിക്കുമെന്നുള്ള അഭിപ്രായത്തെ ഈ സഭാസമക്ഷം അറിയിച്ചുകൊള്ളുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): മിസ്റ്റർ ദാമോദരനാശാന്റെ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഈ കർഷകരാജ്യത്തിലെ ജനങ്ങളുടെ പ്രത്യേക ഉൽക്കണ്ഠാവിഷയമായ ഗതാഗതസൗകര്യങ്ങളെ ഈ ഡിപ്പാർട്ടുമെന്റിൽ നിന്നും മുൻനിറുത്തി നയിക്കേണ്ട മാർഗ്ഗങ്ങളെ ഞാൻ ഈ അവസരത്തിൽ ഇവി

LIBRARY ARCHIVES Kerala Legislative Assembly

ടെ ചൂണ്ടിക്കാണിയ്ക്കുവാനാണു വിചാരിയ്ക്കുന്നതു. മിസ്റ്റർ ആശാൻ പറഞ്ഞതുപോലെ താലൂക്കുകാം തോറും ഒരു ബോർഡു ഏർപ്പെടുത്തി ഓരോ താലൂക്കുകളിലേയും ആവശ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതു ഉചിതമായിരിക്കും. അങ്ങനെയാണെങ്കിൽ അഭിപ്രായഭേദംകൊണ്ടു കായ്മനടപ്പിനു കാലതാമസമുണ്ടാകുവാനിടയില്ല. ഇപ്പോാം ഈ ഡിപ്പാർട്ടുമെൻറിലെ അദ്ധ്യക്ഷൻ രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചിരിയ്ക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അദ്ദേഹത്തിനു ഓരോ സ്ഥലങ്ങളിലും അത്യാവശ്യമുള്ള സംഗതികാം ഏതെല്ലാമാണു്, ഏതെല്ലാം റോഡുകളാണു് ഉടനെ തുറക്കേണ്ടതു്, ഏതെല്ലാം പാലങ്ങളാണു് ഉടനെ കെട്ടേണ്ടതു് എന്നെല്ലാം നല്ലപോലെ മനസ്സിലായി കഴിഞ്ഞിരിക്കും. എന്തെല്ലാം ഉടൻ ചെയ്യണമെന്നുള്ള അദ്ദേഹത്തിൻെറ അഭിപ്രായം അദ്ദേഹം ഇനിയും ഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അറിയിച്ചിട്ടില്ലെങ്കിൽ ഉടനെ അറിയിയ്ക്കുയും, ഗവമ്മെൻറിൽ നിന്നും അവയെ വേണ്ടപോലെ ഗൌനിച്ചു അതിലേക്കുവേണ്ടതുക സപ്ലിമെൻററി ഗ്രാൻറായി കൊണ്ടുവന്നു വേല നടത്തുകയും ചെയ്യണം. ഇപ്പോാം ധാരാളം പണമുണ്ടു്. ജനപ്രതിനിധികാം തുടന്നു് ഓരോ സഭകളിലും റോഡു്, റോഡു് എന്നാണു് പ്രധാനമായി പ്രജാസഭയിൽ പറഞ്ഞുകൊണ്ടിരിക്കുന്നതു്. ഓരോ താലൂക്കുകളിലേക്കും പണം കുറെ മാററി വച്ചതുകൊണ്ടുമാത്രം വലിയ കായ്മസാദ്ധ്യം ഉണ്ടാകയില്ല. ഉാനാടുകളിലെ ഓരോ താലൂക്കുകളിലേയും ആവശ്യങ്ങാക്കു് തുടന്നു് പല സഭകളിലും പറഞ്ഞിട്ടും റോഡുകാവെട്ടുന്നില്ല. ചേക്കുന്ന പണം ലാപ്സാക്കികളയുന്നു. ഇതിനാൽ ഗവണ്മെൻറു അവരുടെ അഭിപ്രായങ്ങളെ കേവലം അവഗണിച്ചിരിക്കുന്നതായി ജനങ്ങാം ഗണിക്കേണ്ടിവരുന്നു. കീഴുദ്യോഗസ്ഥന്മാരുടെ ഉദാസീനതയെ പററി ഗൌനിച്ചെങ്കിൽമാത്രമേ കായ്മനടപ്പുണ്ടാകൂ. ഇപ്പോഴത്തെ റയട്ട്സ് റോഡ് റൂാസ് വളരെ ഉപദ്രവകരമാണു്. സാധാരണ ജനങ്ങാതന്നെ കൃഷിക്കാരാണു്. അവക്കാണു് എല്ലാറോഡും അല്ലാതെ, മർക്കൻറയിൽ റോഡോ, ഇൻഡസ്ട്രിയൽ റോഡോ വേറെ ഇല്ല. ഒരു കൃഷിക്കാർ അവരുടെ ഗതാഗതത്തിനു വേണ്ടി ഉണ്ടാക്കുന്ന ചില റോഡിനെയാണു് റയട്ട്സ് റൂാം ബാധിക്കുന്നതു്. അവർ വളരെകഷ്ടപ്പെട്ടു ബുദ്ധിമുട്ടുസഹിച്ചു റോഡു വെട്ടുന്നു. അതിനു റൂാസ് പ്രകാരം റിസ്സാരം പോരാ, ശരിയായില്ല എന്നൊക്കെപറഞ്ഞു പലതും ഗവണ്മെൻറു സ്വീകരിക്കുന്നില്ല. റയട്ട്സ് റോഡ് വെട്ടുമ്പോാ അതിൻെറ ഇടയ്ക്കു കുറേ സ്ഥലം കിടക്കും. ആ സ്ഥലത്തിൻെറ ഉടമസ്ഥനു അതു കൊടുക്കാൻ മനസ്സുണ്ടാകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman].

അതു ഗവർണ്മെൻറു പൊന്നും വില കൊടുത്തു ഒഴിപ്പിക്കേണ്ടതിനു പകരം അതു സ്ഥലംക്രടി കൂടികൾ വാങ്ങിച്ചുകൊടുത്താലെ ഗവണ്മെൻറു അതു റോഡിനെസ്പീകരിക്കയൊള്ളു. ഈ മാതിരിയുള്ള നിബ്ബന്ധങ്ങളെല്ലാം ഗവണ്മെൻറു വച്ചുകൊണ്ടിരിക്കുന്നതുകൊറെ സാഹസമാണു്. കൃഷിക്കാർ കൊറെ വേലനടത്തിയാൽ അതുയും കായ്മുമായി എന്നുവെച്ചു ബാക്കി ഗവണ്മെൻറു നടത്തേണ്ടതാണു്. കൂടികളെകൊണ്ടതുമാത്രമേ സാധിക്കയുള്ളു എന്നുവിചാരിക്കണം. ഈ റയട്സ്റ്റംസിൽ വേണ്ട ഭേദഗതികൾചെയ്തു അതു ജനോപകാരപ്രദമാക്കണം.

മൂവാറ്റുപുഴ. തൊടുപുഴ മുതലായ താലൂക്കുകളിൽ റോഡുവെട്ടുന്നതിനു തുടൻ ബഡ്ജറിൽ പണം ചേർക്കയും അതിൻെറ ശേഷം ട്രഷറിമുഖാന്തരമായിട്ടുകൊടുത്താൽ മാത്രമേ വേല നടക്കയൊള്ളു എന്നു പറയുകയും ചെയ്യുന്നതു ഒട്ടുംനന്നല്ല. ക ഠ ക-ലും ക ഠ ഖ-ലും ക ഠ ന-ലും ബഡ്ജറിൽ പണം ചേർത്തതെല്ലാം ലാപ്സായി. ഇതു വളരെ കഷ്ടമായ ഒരവസ്ഥയാണു്. കൃഷിക്കാരുടെ ക്ഷേമത്തെ മുൻനിറുത്തിപ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മിസ്റ്റർ റാബിൻസൺ ദേവികുളത്തെ റോഡുകളുടെ കാര്യത്തെപ്പറ്റി പറഞ്ഞതുപോലെ മറുകൃഷിക്കാരുടെ ആവശ്യങ്ങൾക്കുള്ള റോഡുകളെപറ്റിയും പറയുമെന്നു വിചാരിക്കുന്നു.

ഗവണ്മെൻറു ഈ റയട്ട്സ്റ്റംസിൻെറ കാര്യത്തെ കുറയ്ക്കുന്ന പക്ഷം ജനങ്ങൾതന്നെ ധാരാളം റോഡുകൾ വെട്ടിത്തുറക്കും. ജനങ്ങൾ റോഡുവെട്ടുന്നതിൻെറ ഇടയ്ക്കു ആരെങ്കിലും സ്ഥലം കൊടുക്കയില്ലെന്നു പറഞ്ഞാൽ ഗവണ്മെൻറിൽനിന്നും അതിനെ പൊന്നിൻവിലകൊടുത്തു ഉടൻഒഴിപ്പിച്ചുകൊടുക്കണം. എന്നാൽ കൂടികൾ വെട്ടുന്ന റോഡിൽ ആവശ്യമുള്ള കലുങ്കുകൾ മാത്രം ഗവണ്മെൻറു കെട്ടികൊടുക്കാമെന്നും ബാക്കിഎല്ലാം കൂടികൾതന്നെ ചെയ്യണമെന്നും ഉള്ള നയമാണു് ഇപ്പോൾ ഡിപ്പാർട്ടുമെൻറുസ്വീകരിച്ചു കാണുന്നതു്. ക ഠ ഠ പേർ സമ്മതിച്ചാൽ ഒരാൾ സമ്മതിക്കയില്ല. ഒരാൾ സമ്മതിച്ചില്ലെങ്കിൽ റയട്സ്റോഡുവെട്ടാൻ സാധിക്കയില്ല. ഈ ബുദ്ധിമുട്ടുകളെല്ലാം സഹിച്ചാണു് കൂടികൾ റോഡുവെട്ടുന്നതു്. അതിനെ ഗവണ്മെൻറു ശരിയായിട്ടു സ്വീകരിച്ചില്ലെങ്കിൽ അതിൽപരം കഷ്ടം മറെറാന്നില്ല.

മൂവാറ്റുപുഴ, തൊടുപുഴ ഈ താലൂക്കുകൾക്കു പുത്തൻ റോഡുകൾക്കായി ഒ ഠ ഠ ഠ രൂപാബഡ്ജറിൽ ചേർത്തിട്ടുണ്ടു്. എന്നാൽ ഇതു ഇതിനുമുമ്പിലത്തെ കൊല്ലത്തിലും ചേർത്തിരുന്നതാണു്, പുതിയതല്ല. അത്യാവശ്യമായി തീരേണ്ട പല റോഡുകളേയും ചീഫ് ഇഞ്ചിനീയരെ കാണി

LIBRARY ARCHIVES Kerala Legislative Assembly

ക്കയും അതെല്ലാം അത്യാവശ്യമാണെന്ന ബോദ്ധ്യപ്പെട്ട അദ്ദേഹം അടുത്ത ബഡ്ജറ്റിൽ ചേർക്കാമെന്ന വാഗ്ദാനംചെയ്കയും ചെയ്തിരുന്ന. അടുത്ത കാലത്തു ചീഫിഞ്ചിനീയരെ കണ്ടു ചോദിച്ചപ്പോൾ എല്ലാം ബഡ്ജറ്റിൽ ചേർക്കാൻ വിഷമമാണ്. ഒന്ന രണ്ടു റോഡിനെങ്കിലും പണം ബഡ്ജറ്റിൽ ചേർക്കാമെന്നും പറഞ്ഞു. അതും ചേർത്തിട്ടില്ല. എന്നാൽ ഇങ്ങനെ പ്രാദേശികമായ ഒരോ സംഗതികളെപറ്റിപറഞ്ഞു ഈ കൗൺസിലിന്റെ സമയത്തെനഷ്ടപ്പെടുത്താമെന്നവിചാരിക്കുന്നില്ല.

ധാരാളം നികുതികൊടുക്കുന്നതിൽ അഗ്രസ്ഥീശ്വരം കഴിഞ്ഞാൽ രണ്ടാമത്തെതാലൂക്കാണ് മൂവാറ്റുപുഴ എന്ന ഒരു കൗൺസിൽ ചോദ്യത്തിന്ന ഗവണ്മെൻറുതന്നെ മറുപടി പറഞ്ഞിട്ടുണ്ട്. ജനങ്ങളും തിങ്ങിപാർക്കുന്നുണ്ട്. എന്റെ സ്നേഹിതൻ മിസ്റ്റർ പാച്ചുപിള്ള പറയുന്നതുപോലെ ഞങ്ങൾക്കു കനാൽക്കൂടിവേണമെന്ന പറയുന്നില്ല. ഞങ്ങൾക്കു റോഡുമാത്രംമതി. ആ കാര്യത്തിനെങ്കിലും ഗവണ്മെൻറു പണം ചിലവാക്കിയില്ലെങ്കിൽ വലിയ കഷ്ടമാണ്. പത്തുവർഷംകൊണ്ടു തൊടുപുഴ താലൂക്കിലെ ജനസംഖ്യ ർൻ ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന സെൻസസ്സിൽനിന്ന കാണാം. ഇങ്ങനെ ജനങ്ങൾ തിങ്ങി കുടിയേറുന്നതരം താലൂക്കിലെ റോഡുകളുടെ ആവശ്യത്തിന്ന ചേർത്തിട്ടുള്ള പണമാണ് മൂൻവർഷമായി ലാപ്സായിപോയിക്കൊണ്ടിരിക്കുന്നത്. ഇതിനെല്ലാം കാരണം കീഴുദ്യോഗസ്ഥന്മാരാണ്. അവർ വേണ്ടന്നുപറയുന്നതു ഡിപ്പാർട്ട്മെൻറു വേണ്ടന്നവയ്ക്കുന്ന. കീഴുദ്യോഗസ്ഥന്മാർ മേലുദ്യോഗസ്ഥന്മാരുടെ ആജ്ഞകളെ ശരിയായിട്ടു നടത്തുന്നുണ്ടോ എന്ന ഡിപ്പാർട്ടുമെൻറു മേലധ്യക്ഷൻ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും ഒരു സംഗതി കീഴുദ്യോഗസ്ഥന്മാർക്കു എഴുതി അയച്ചാൽ അവർ അതിൽ അല്പം കഴപ്പംവരുത്താതിരിക്കയില്ല. അവരെ പ്രത്യേകം ശ്രദ്ധിക്കണമെന്ന ഒരിക്കൽക്കൂടി ഞാൻ ആവർത്തിച്ചു പറഞ്ഞു കൊള്ളുന്ന.

എനിക്കിനി അധികമൊന്നും പറയാനില്ല. ഇപ്പോൾ ബഡ്ജറ്റിൽ ചേർത്തിട്ടുള്ളപണം എങ്കിലും ലാപ്സാക്കാതെ വേണ്ടവിധത്തിൽ വേലകൾ ഉടനടി നടത്തിക്കണമെന്നുപറഞ്ഞുനിർത്തുന്ന.

MR. P. S. MAHOMED (*Nominated*): ഗതാഗതസൌകര്യത്തെ സംബന്ധിച്ച ഇന്നത്തെ ഗവണ്മെൻറു ക്രുതൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്ന പരസ്യമായി സമ്മതിക്കാൻ എനിക്കശേഷം മടിയില്ല. മി: വൈപ്പുന്റെ ആഗമനത്തിനുശേഷം ഗതാഗതസൌകര്യം കുറെക്കൂടി വർദ്ധിച്ചിട്ടുണ്ടെന്ന എനിക്കുതന്നെഅറിയാം. എന്നാൽ ജനങ്ങളുടെ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

[MR. P. S. Mahomed.]

ത്തിന്ന തക്കവണ്ണം അദ്ദേഹത്തിന്റെ ശ്രദ്ധ പതിച്ചിട്ടുണ്ടോ എന്ന എനിക്കുസംശയമാണ്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Does the member want separate roads for Mahomedans?

MR. P. S. MAHOMED (*Nominated*): Certainly not. ശേഷമുള്ള ആളുകളുടെ ആവശ്യങ്ങളെക്കൂടി നേരിട്ടറിഞ്ഞാൽ സൌകര്യമുണ്ട്. എന്നാൽ ആലപ്പുഴയെ സംബന്ധിച്ചു നോക്കുന്നപക്ഷം അവിടത്തെ ഗതാഗത സൌകര്യങ്ങളിൽ മുമ്പുണ്ടായിരുന്നിടത്തോളമുള്ള ശ്രദ്ധ സിമ്മൻറു വേലയെഴിച്ചു ബാക്കിയുള്ളവയിൽ പതിഞ്ഞു കാണുന്നില്ല. അവിടങ്ങളിലുള്ള പാലങ്ങൾ ഓരോന്നും പരിശോധിച്ചു നോക്കുന്നപക്ഷം വണ്ടികൾ ഒഴിച്ചുകൊണ്ടു പോകാൻ നിവൃത്തിയില്ലാത്ത വിധത്തിൽ വീതികുറഞ്ഞിരിയ്ക്കുന്നതായി കാണാം. കല്ലുപാലം ഒഴിച്ചു ശേഷമുള്ളപാലങ്ങളിൽ കൂടി വണ്ടികൾ പോകയാണെങ്കിൽ അടുത്തുള്ള വീടുകളിൽ ആളുകൾക്കു കിടന്നുറങ്ങുവാൻ പോലും സാധിയ്ക്കയില്ല. ആയതുകൊണ്ടു അവിടെയുള്ള പാലങ്ങളിൽ കൂടുതലായ ശ്രദ്ധപതിപ്പിയ്ക്കേണ്ടതാണ്. ഇതിനും പുറമെ മൂന്നു നാലുവർഷത്തെ ബഡ്ജറു എടുത്തുനോക്കിയാൽ ഓരോവർഷം കഴിയുന്തോറും പാലങ്ങളുടെ എണ്ണം ഓരോന്നായി കുറഞ്ഞു വരുന്നതു കാണാം. കഴിഞ്ഞ വർഷത്തിൽ രണ്ടുപാലങ്ങൾ പണി നടത്തുന്നതിനായി ബഡ്ജറിൽ ചേർത്തിരുന്നതു് ഈ വർഷത്തെ ബഡ്ജറിൽ ഒരു പാലമേ കൊള്ളിച്ചിട്ടുള്ളതായി കാണുന്നുള്ളൂ. ഈ പാലമെങ്കിലും ഞങ്ങൾക്കു തീർത്തു കിട്ടുന്നപക്ഷം വളരെ ഉപകാരമായിരിയ്ക്കും. റോഡുകൾ നന്നാക്കുന്ന ഭാരം മുഴുവൻ മുൻസിപ്പാലിറ്റികളെ ഏൽപ്പിച്ചിരിയ്ക്കുന്നതു കൊണ്ടു അതിനെ സംബന്ധിച്ചു ഇവിടെ പറയേണ്ട ആവശ്യമില്ലതന്നെ. അവിടങ്ങളിൽ കലുങ്കുകൾ ഇല്ലാത്തതു നിമിത്തം ജനങ്ങൾ വളരെ ബുദ്ധിമുട്ടനുഭവിയ്ക്കുന്നുണ്ടു്. ഇപ്പോൾ റോഡുകളുടെ മെയിൻറനൻസു മാത്രമേ ഈ മുൻസിപ്പാലിറ്റി ചെയ്തുവരുന്നുള്ളൂ. ഇവിടങ്ങളിൽ കലുങ്കുകൾ ഇല്ലാത്തതുകൊണ്ടു നല്ല വർഷക്കാലങ്ങളിൽ ജനങ്ങൾ വളരെ ബുദ്ധിമുട്ടനുഭവിയ്ക്കുന്നതിനിടയാകുന്നു. ഇതിലേയ്ക്കു ഒന്നാം സാക്ഷി മാന്യനായ നമ്മുടെ ഡെപ്യൂട്ടി പ്രസിഡൻറു അവർകൾ തന്നേയാണ്. അദ്ദേഹത്തിന്റെ വീട്ടിനുമുൻഭാഗങ്ങളിൽ തന്നെ കലുങ്കുകളില്ലാത്തതു കൊണ്ടു വെള്ളം കെട്ടി നിന്നു നാറുന്നതിനിടയാകുന്നു. ഇതുപോലെ അത്യാവശ്യമുള്ള സ്ഥലങ്ങളിലെല്ലാം കൂടുതൽ കലുങ്കുകൾ കെട്ടിതന്നാൽ വളരെ ഉപകാരമായിരിയ്ക്കും.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ മാത്രമേ മൻസിപ്പാലിറ്റിയ്ക്കു വേണ്ട വിധത്തിൽ പ്രവർത്തിയ്ക്കുവാൻ സാധിയ്ക്കയുള്ളൂ.

ഇനി അവസാനമായിട്ട് എനിയ്ക്കു പറയുവാനുള്ളതു കോട്ടയത്തു നിന്നും ആലപ്പുഴയ്ക്കുള്ള റോഡിനെ സംബന്ധിച്ചാണ്. ഇതിലേയ്ക്കു മിസ്റ്റർ രാമൻ പിള്ള പറഞ്ഞ അഭിപ്രായങ്ങളോടു ഞാൻ പൂർണ്ണമായി യോജിയ്ക്കുന്നു. അങ്ങനെ ഒരു റോഡു വെട്ടുന്നപക്ഷം അതിലേയ്ക്കാവശ്യമുള്ള സ്ഥലം തരുന്നതിനു വസ്തു ഉടമസ്ഥന്മാർ സന്തോഷമുള്ളവരായിരിയ്ക്കും. ഈ സ്ഥിതിയ്ക്കു ഈ റോഡ് ഏറ്റവും അത്യാവശ്യമാണെന്നുള്ള എന്റെ അഭിപ്രായത്തെ ഈ സഭാസമക്ഷം അറിയിച്ചു കൊള്ളുന്നു.

MR V. J. OOMMEN (*Commerce and Industry, North*): സർ, മിസ്റ്റർ ആശാന്റെ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഇതിന്റെ പ്രധാനമായ ഉദ്ദേശം രണ്ടു മൂന്നു സ്ഥലങ്ങളിലെ പ്രാദേശികാവശ്യങ്ങളെ ഗവർണ്മെൻറിന്റെ ദയാദൃഷ്ടിയിൽ കൊണ്ടു വരണമെന്നുള്ളതാണ്. ഒന്നാമതു വേമ്പനാട്ടു കായലിനാൽ ഭാഗിക്കപ്പെട്ടുകിടക്കുന്നകോട്ടയം, ആലപ്പുഴ ഈ രണ്ടു സ്ഥലങ്ങളെ ഒരു റോഡുമാൽ ബന്ധിക്കപ്പെടണമെന്നുള്ളതാണ്. കോട്ടയത്തിനു കിഴക്കുവടക്കുള്ള സ്ഥലങ്ങളിൽ ഉണ്ടാകുന്ന കച്ചവടസാധനങ്ങൾ മുഴുവനും കൊച്ചി തുറമുഖം വഴിയാണു കയറുമതി ചെയ്തുകൊണ്ടിരിക്കുന്നതു. എന്നാൽ കോട്ടയവും ആലപ്പുഴയുമായി യോജിപ്പിച്ചാൽ ആലപ്പുഴ തുറമുഖം വഴി തന്നെ സാമാനങ്ങൾ കയറുമതി ചെയ്യുന്നതിനും ആ വകയിലുള്ള മുങ്കം നമ്മുടെ ഗവണ്മെൻറിനു തന്നെ ലഭിക്കുന്നതിനും ഇടയാകുന്നതാണ്.

ഇതിനു പുറമെ ആലപ്പുഴയും അതിനടുത്തുമുള്ള സ്ഥലങ്ങളിലുള്ള ആളുകൾ വളരെ കാലമായി മുറവിളിക്കൂട്ടിക്കൊണ്ടിരിക്കുന്നതു ശുദ്ധജലം കിട്ടണമെന്നുള്ളതാണ്. എന്നാൽ ഇങ്ങനെ ഒരു റോഡുതീരുന്നപക്ഷം കോട്ടയത്തു നിന്നും ശുദ്ധജലം കൊണ്ടുവന്നു ആലപ്പുഴയ്ക്കും അതിന്റെ പരിസരപ്രദേശങ്ങൾക്കും ശുദ്ധജലം നൽകാനും സൌകര്യമുണ്ടാകും.

MR. MURUVELIL PACHU PILLAI (*Shertallai*): ഇപ്പോൾ എറണാകുളത്തുനിന്നും കൊച്ചിയിലേക്കു ആലുവാ വെള്ളം കൊണ്ടുവരുന്നതായി അറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): അറിയാ

LIBRARY ARCHIVES Kerala Legislative Assembly

MR. MURUVELIL PACHU PILLAI (*Shertallai*): കൊച്ചിവരെ ചേ ത്തലയിൽനിന്നുമുള്ള റോഡു നീട്ടുന്നപക്ഷം ആലുവാവെള്ളം കൊണ്ടുവ രാൻ കൂടുതൽ സൌകര്യമാണെന്നു വിചാരിക്കുന്നുണ്ടോ?

MR. V J. OOMMEN (*Commerce and Industry, North*): അതു കൂടു തൽ സൌകര്യമാണെങ്കിൽ അതുവഴികൊണ്ടുവരുന്നതിൽ എനിക്കു ഒരു വിരോധവുമില്ല. ഞാൻ പ്രധാനമായിട്ടു ആലപ്പുഴയെ ഉദ്ദേശിച്ചാണു പറയുന്നതു. എത്ര ലക്ഷം രൂപാ ചിലവു ചെയ്തു എത്ര സാധിച്ചു കൊടു ത്താലും ഈ രണ്ടു സംഗതിയെക്കാൾ ആലപ്പുഴക്കു ഗവർമ്മെൻറിൽനി ന്നും മറെറാന്നും ഗുണം ചെയ്തുകൊടുക്കാനില്ലെന്നാണ് എൻെറ അഭി പ്രായം.

കോട്ടയത്തുനിന്നും ചിറവഴി ആലപ്പുഴക്കു റോഡുവെട്ടുന്നതിനു വലിയ പ്രയാസമൊന്നുമില്ല. ഒന്നോരണ്ടോ കടത്തുകടം മാത്രം വേണ്ടി വന്നേക്കും. പിന്നീടു അവിടെ പാലവും കെട്ടാം.

പിന്നീടു ആലപ്പുഴ പട്ടണത്തിലുള്ള പാലങ്ങളുടെ ജീർണ്ണാവസ്ഥ യെ പററി മി: പി. എസ്. മഹമ്മദ് പറഞ്ഞ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിച്ചുകൊള്ളുന്നു. അടുത്തകാലത്തു ചീഫ് ഇഞ്ചി നീയർ ആലപ്പുഴ വന്നിരുന്നപ്പോൾ അദ്ദേഹം ഓരോ പാലങ്ങൾ എല്ലാം കണ്ടിട്ടുണ്ട്. അതുകൊണ്ടു അദ്ദേഹം അതിൽ പ്രത്യേകം ശ്രദ്ധപതിച്ചു വേണ്ടവിധത്തിൽ ചെയ്യുമെന്നു വിശ്വസിക്കുന്നു. രണ്ടു പാലത്തിനു പ ണം ബഡ്ജററിൽ ചേർത്തിട്ടുണ്ട്. അയ്യു ആണ്ടവസാനത്തിൽ മി: കു ഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ ലാപ്സായി പോകാതെ ആ പാല ങ്ങൾ തീർത്തു തരണമെന്നു അപേക്ഷിക്കുന്നു. പ്രത്യേകിച്ചു ചുങ്കത്തി ൻെറ തെക്കേക്കരയും വടക്കേക്കരയും തമ്മിൽ യോജിപ്പിക്കുന്ന പാല മാണു എത്രയും വേഗത്തിൽ തീർത്തുകിട്ടേണ്ടതു. ഇപ്പോൾ 80 അടി വിസ്താരമുള്ള ആ തോടു കടക്കണമെങ്കിൽ ഒരു മൈൽ നടക്കണം.

ഇനി എനിക്കു പറയാനുള്ളതു മി: വി. എസ്. കൃഷ്ണപിള്ള പ റഞ്ഞതുപോലെ തിരുവല്ലാ, മാവേലിക്കര റോഡിനെ പറിയാണു്. ആ റോഡു ഇപ്പോൾതീർന്നു കഴിഞ്ഞു. എന്നാൽ അതിൽനാലഞ്ചു കടത്തു കടം ഉള്ളതുകൊണ്ടു ഇതുയും രൂപാ ചിലവു ചെയ്തു ഗവർമ്മെൻറു വെ ട്ടിച്ച റോഡു ജനങ്ങൾക്കുപയോഗിക്കാൻ നിവൃത്തിയില്ലാത്ത നിലയിലാ ണിരിക്കുന്നതു. അതുപോലെ തന്നെ ചെങ്ങന്നൂർനിന്നും മാന്നാറേക്കു ള്ള റോഡിൻെറ സ്ഥിതിയും ഇതിനെസംബന്ധിച്ചു ചീഫ് ഇഞ്ചിനീയർ വേണ്ടശ്രദ്ധപതിപ്പിക്കണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും എനിക്കു പറയാനുള്ളതു വൈക്കത്തുശേരിയിൽ നിന്നും കോട്ടയത്തേക്കുള്ള റോഡിനെപ്പറ്റിയാണു. ഇതും എത്രയും വേഗത്തിൽ തീർത്തു തരണമെന്നപേക്ഷിച്ചു കൊണ്ടു ഞാൻ ഒരു ഉപക്ഷേപത്തെ പിൻതാങ്ങികൊള്ളുന്നു.

MR. MATTHEW MURIKKAN (*Vaikam*): Sir, I support the motion of Mr. Damodaran Asan. I think it is unnecessary to call the attention of the Government to the necessity for opening canals and roads especially in the light of the discussion we had here. Government seem to be more anxious than the members on this side of the House about these matters. On the general question of opening canals and roads, I do not therefore want to address the Government. I would however like to call the attention of the Chief Engineer to some special needs of my constituency. If the theory advanced by Mr. Muruvelil Pachu Pillai and Mr. Tariatu Kunjitomman viz, that the Public Works Department should adjust its activities according to the income from each taluk is to prevail, I cannot press my claim. Though the income from my taluk will not come up to the income of their taluks, I will put forward some of the pressing needs of my constituency for consideration. If I remember aright, the Chief Engineer came to Udayamperur and Kandanad last year and studied the needs of the people and promised to attend to them. But I am sorry to see that no provision has been made in the budget for a *chira* (bund) which he promised. I cannot find any explanation for it. My only attempt now is to draw the attention of the Chief Engineer once more to the sufferings of the people. In regard to the Vaikam-Vechur road, Government know that Talayolam and Vechur are the two important pakuthies of the taluk and that people can go to the headquarters of the taluk only through this road. The amount once allotted in the budget lapsed. My chief complaint is against the lapsing of the amount. I hope that the Chief Engineer will see that the amount sanctioned for this road does not lapse this time at least. I would also call the attention of the Chief Engineer to the necessity for constructing two bridges, one at Murinjapuzha and the other at Putotta. I think more than twenty or thirty buses run from Kottayam to Ernakulam crossing these puzhas. If the Government put up these two bridges, it will facilitate communication and will be a sort of encouragement to the public in general and to the people of those parts in particular. I think my predecessor Mr. John who represented the constituency had very often to call the attention of the Government to the question of opening canals in the taluk. The Chief Engineer, I think, is familiar with the Perunchilambu Todu, Anchumana Todu and Kaniyan Todu and I hope he will give his attention to them now at least. Though assurance was given, nothing was done in the direction of improving these canals. With regard to roads also there is room for the same complaint. There is, for example, the Kadutturutti- road case. I hope the Chief Engineer will inspect these roads and canals during his tours in northern taluks and see that they are attended to as early as possible.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Sir, in supporting the motion of Mr. Asan, I have to bring to the notice of the Government the following facts for consideration. The improvement of Eraniel-Muttam road has not been taken up this year though it was included in the budget last year. The amount provided last year lapsed. The people living on either side are Panchamas and unless the Government acquire lands, it is difficult for the people to purchase land and surrender them to the department. Then, as regards the Martandam—Panachimood road which is about 7 miles, the amount provided during the last two years for this road has been allowed to lapse. This is a very important road and I have to call the attention of the Chief Engineer to the need for taking up this road as early as possible. Then there is another road, *viz.* the road from Kuzhivila to Nambali in the Vilavankod taluk. This is also, as I understand, under the consideration of the Chief Engineer, but unfortunately people are not in a position to get the benefit of it. As regards the road from Tengapattanam to Colachel, a mile of it has been sanctioned. This road is very important so far as the fishermen who are living in the four villages are concerned. They are Catholic Christians and the Catholic Fathers have been making representations to the Divisional Officer, Nagercoil, but nothing has been done. In connection with the extension of Karumpanai road to meet Tengapattanam, provision should be made.

As regards minor irrigation, a report has been prepared and submitted to Government, and I understand, they are going to introduce the Board system shortly. I would suggest that the Board to be formed should not be like the Block Board in the Agastisvaram taluk which is doing more harm than good. The Section Officers do not hand over keys to the Block Board Presidents and unless we bribe the poor watcher we could not get the watcher to do the necessary things when the crops are failing. So, I would draw the attention of the Chief Engineer to the need for making the non-officials more responsible in the matter, and direct the P. W. authorities to hand over the keys of the sluice to the non-official Presidents.

Then as regards the improvement of tanks, repayment of half contribution should be stopped. The legal defect of the whole thing had been rectified, and as such there is no difficulty in the Revenue Officers co-operating with the P. W. D. More funds should be allotted and the tanks should be taken up and finished in some order so that the amount may not lapse. Then I also have to draw the attention of Government to the control, of water in the Prchippara Reservoir. I understand now there is a leakage of 40 per cent and that should be stopped. If conversion of sandy regions of Leepuram and other places is discouraged, we could save more water so that more conversion can be had in the Vilavankod taluk and a portion in the Kalkulam taluk.

The above and the following motions lapsed on account of expiry of time limit:—

MR. T. C. KESAVA PILLAI:

390. To reduce the allotment of Rs. 36,66,535 for Executive by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

MR. V. S. KRISHNA PILLAI :

391. To reduce the allotment of Rs. 36,66,535 for Executive by Rs. 1,000.

MR. A. THANU PILLAI :

392. To reduce the allotment of Rs. 36,98,992 for Buildings, etc., by Re. 1

MR. N. R. KRISHNAN :

393 To reduce the allotment of Rs. 36,98,992 for Buildings, etc., by Re. 1.

MR. L. R. RAJA RAJA VARMA KOIL TAMPURAN :

394. To reduce the allotment of Rs. 36,98,992 for Buildings, etc., by Re. 1.

MR. MATTHEW MURIKKAN :

395. To reduce the allotment of Rs. 36,98,992 for Buildings, etc., by Rs. 50.

MR. K. P. NILAKANTA PILLAI :

396. To reduce the allotment of Rs. 36,98,992 for Buildings, etc., by Rs. 100.

MR. R. RAMAN PILLAI :

397. To reduce the allotment of Rs. 36,98,992 for Buildings, etc., by Rs. 100.

MR. MURUVELIL PACHU PILLAI :

398. To reduce the allotment of Rs. 36,98,992 for Buildings, etc., by Rs. 100.

MR. A. C. KURIAKOSE :

399. To reduce the allotment of Rs. 36,98,992 for Buildings, etc., by Rs. 100.

MR. A. S. DAMODARAN ASAN :

400 To reduce the allotment of Rs. 1,20,625 for original works by Rs. 10.

MR. V. CHELLAM PILLAI :

401- To reduce the allotment of Rs. 1,20,625 for original works by Rs. 100.

MR. R. KESAVA PILLAI :

402. To reduce the allotment of Rs. 1,20,625 for original works by Rs. 100

MR. T. C. KESAVA PILLAI :

403. To reduce the allotment of Rs. 2,12,100 for protective irrigation by Rs. 10.

MR. K. P. NILAKANTA PILLAI :

404. To reduce the allotment of Rs. 2,12,100 for protective irrigation by Rs. 100.

MR. K. MADHAVAN PILLAI :

405. To reduce the allotment of Rs. 2,12,100 for protective irrigation by Rs. 100.

MR. A. C. KURIAKOSE :

406. To reduce the allotment of Rs. 2,12,100 for protective irrigation by Rs. 100

MR. A. G. MENON :

407 To reduce the total allotment of Rs. 39,78,292 under Demand XX by Rs. 2,00,000

MR. S. PIRAVIPERUMAL PILLAI :

408. To reduce the total allotment of Rs. 39,78,292 under Demand XX by Re. 1.

PRESIDENT : We have reached the time-limit fixed for the Demands. Now, I will put the Demands to the vote.

May I take it that the House grants the Demand XX—Public Works Department-for Rs. 39,78,292.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly